പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1734 21/01/2014- ൽ മറുപടിക്ക്

കന്നുകാലികളിൽ കുളമ്പുരോഗം തടയുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ. ബാലൻ:<br>ശ്രീ. എസ്. രാജേന്ദ്രൻ:<br>ശ്രീ. എം. ചന്ദ്രൻ:<br>ശ്രീമതി കെ.കെ. ലതിക: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ)കന്നുകാലികളിൽ കുളമ്പുരോഗം പിടിപെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രദേശത്താണ് ഇത് രൂക്ഷമായിട്ടുള്ളതെന്ന് വിശദമാക്കുമോ; | എ) ഉണ്ട്. കേരളത്തിലെ എല്ലാ ജില്ലകളിലും രോഗബാധ സ്ഥിരീകരിച്ചിട്ടുണ്ടെങ്കിലും തൃശ്ശൂർ, പാലക്കാട്, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിലാണ് രോഗബാധ കൂടുതലായി വന്നിട്ടുള്ളത്. |
| ബി) കുളമ്പുരോഗം പടരുന്നത് തടയാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; | ബി) വിശദവിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| സി) കുളമ്പുരോഗം വരുന്നതിനുള്ള കാരണത്തെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | സി) 1) എസ്.ആർ.ഡി.ഡി.എൽ. ബാംഗ്ളൂർ, പി.ഡി.എഫ്.എം.ഡി മുക്തേശ്വർ എന്നിവിടങ്ങളിലെ വിദഗ്ദ്ധ സംഘം കേരളത്തിലെ വിവിധ ജില്ലകളിൽ സന്ദർശനം നടത്തി സാമ്പിളുകൾ ശേഖരിച്ച് വിശദമായ റിപ്പോർട്ട് മൃഗസംരക്ഷണ വകുപ്പു ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. |

കർണ്ണാടക സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള കുളമ്പ്രോഗ വൈറസിന്റെ അതേ ജനിതക ഘടനയുള്ള 'ഒ' വിഭാഗത്തിൽപ്പെട്ട വൈറസ് തന്നെയാണ് കേരളത്തിലും കുളമ്പ് രോഗം ഉണ്ടാക്കിയിട്ടുള്ളത്.

2)കേരള വെറ്ററിനറി സർവ്വകലാശാലയിലെയും, മൃഗസംരക്ഷണ വകുപ്പിലെയും വിദഗ്ദ്ധരടങ്ങുന്ന സംഘം തിരുവനന്തപുരത്ത് പട്ടത്ത് പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റിയുടെ കേന്ദ്രത്തിൽ വെച്ച് വെറ്ററിനറി യൂണിവേഴ്സിറ്റി വൈസ് ചാൻസിലറുടെ നേതൃത്വത്തിൽ യോഗം കൂടുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തു. രോഗബാധ ഉണ്ടായതിനെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വെറ്ററിനറി യൂണിവേഴ്സിറ്റിയെ ചുമതല പ്പെടുത്തിയിട്ടുണ്ട്.

ഡി) കുളമ്പുരോഗവ്യാപനത്തെത്തുടർന്ന് ക്ഷീരകർഷകർ ദുരിതത്തിലാണെന്നും സംസ്ഥാനത്തെ ക്ഷീരോൽപാദനത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 56068 ഉരുക്കൾക്ക് രോഗബാധ ഉണ്ടായി. 5143 ഉരുക്കൾ മരണപ്പെട്ടു. ഇത് ക്ഷീരോല്പാദനത്തെ സാരമായി ബാധിച്ചു.

ഇ) കുളമ്പുരോഗം ബാധിച്ച കന്നുകാലിക ളുടെ പാൽ ഉപയോഗയോഗ്യമാണോ; ഇല്ലെങ്കിൽ ഇത്തരം പാൽ ഉപഭോക്താക്ക ളിൽ എത്താതിരിക്കാൻ എന്തെല്ലാം നടപട l സ്വീകരിച്ചു ; വിശദമാക്കുമോ ?

ഇ) കുളമ്പുരോഗം ബാധിച്ച കന്നുകാലികളുടെ പാൽ തിളപ്പിച്ച് ഉപയോഗിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം

<u>മൃഗസംരക്ഷണവകുപ്പ് സംസ്ഥാനതലത്തിൽ സ്വീകരിച്ച നടപടികൾ</u>

1. പ്രതിരോധ നടപടികളുടെ ഭാഗമായി രോഗബാധിത പ്രദേശത്തിനു ചുറ്റുമായി കുത്തിവയ്പ് (റിങ്ങ് വാക്സിനേഷൻ) നടത്തിവരുന്നു. രോഗം ബാധിച്ച ഉരുക്കൾക്ക് മൃഗസംരക്ഷണവകുപ്പ് സൗജന്യ ചികിത്സയും നൽകുന്നുണ്ട്. ചികിത്സക്കാവശ്യമായ മരുന്നുകൾ, പരിസര ശുചീകരണത്തിന് ആവശ്യമായ അണുനാശിനികൾ എന്നിവ വാങ്ങുന്നതിന് വേണ്ടി മൃഗസംരക്ഷണവകുപ്പ് 20,00,000/- രൂപ ജില്ലകളിലുളള ഫണ്ടുകൾക്ക് പുറമെ അധിക ഫണ്ട് ആയി ഗോരക്ഷ പദ്ധതിയിൽ നിന്ന് വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. മരുന്നും അനുനാശിനികളും ജില്ലാതലത്തിൽ വാങ്ങി ഉപയോഗിച്ച് വരുന്നു.

2. 50 ലക്ഷം രൂപയുടെ അത്യാവശ്യ മരുന്നുകൾ മൃഗസംരക്ഷണവകുപ്പ് ഡയറക്ടറേറ്റിൽ നിന്ന് ഷോർട്ട് ടെന്റർ വിളിച്ച് വാങ്ങി വിവിധ ജില്ലകൾക്ക് വിതരണം ചെയ്തു കഴിഞ്ഞു.

3. എല്ലാ ജില്ലകളിലും കർഷകർക്ക് ബോധവൽക്കരണ സെമിനാറുകൾ നടത്തി കുളമ്പുരോഗത്തെക്കുറിച്ചും പ്രതിരോധമാർഗ്ഗങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിച്ചു.

4 SRDDL ബാംഗ്ലൂർ, PD,FMD മുക്തേശ്വർ എന്നിവിടങ്ങളിലെ വിദഗ്ധ സംഘം കേരളത്തിലെ വിവിധ ജില്ലകൾ സന്ദർശനം നടത്തി സാമ്പിളുകൾ ശേഖരിച്ച് വിശദമായ റിപ്പോർട്ട് മൃഗസംരക്ഷണവകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. കർണ്ണാടക സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള കുളമ്പുരോഗ വൈറസിന്റെ അതേ ജനിതക ഘടനയുള്ള വിഭാഗത്തിൽപ്പെട്ട വൈറസ് തന്നെയാണ് കേരളത്തിലും കുളമ്പുരോഗം ഉണ്ടാക്കിയിട്ടുള്ളത്.

5. കുളമ്പുരോഗം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി മൃഗസംരക്ഷണവകുപ്പിന്റെ എല്ലാ ചെക്ക് പോസ്റ്റുകളും 1/10/2013 മുതൽ താല്ക്കാലികമായി 10 ദിവസത്തേക്ക് അടച്ചിടുകയുണ്ടായി. അതിനുശേഷം നിബന്ധനയോടുകൂടി കന്നുകാലികളെ കടത്തിവിടുകയും പരിശോധന കർശനമാക്കുകയും ചെയ്തു. ഇത് ഒരു അളവുവരെ കുളമ്പുരോഗം നിയന്ത്രിക്കുന്നതിന് സഹായകരമായിരുന്നു. ചെക്ക് പോസ്റ്റുകൾ 4/12/2013 മുതൽ വീണ്ടും താല്ക്കാലികമായി അടച്ചിടുകയും ചെയ്തു. 9/1/2014 വ്യാഴാഴ്ച വൈകിട്ട് 3 മണിമുതൽ കർശനമായ നിയന്ത്രണങ്ങൾക്ക് വിധേയമായി കേരളത്തിലെ തിരഞ്ഞെടുത്ത 5 ചെക്ക് പോസ്റ്റുകൾ കന്നുകാലികളെ കേരളത്തിലേക്ക് കൊണ്ട് വരുന്നതിന് തുറന്നുകൊടുക്കുവാൻ തീരുമാനിച്ചു. പാലക്കാട് ജില്ലയിലെ മുതലമട, വാളയാർ, ഇടുക്കി ജില്ലയിലെ കുമളി, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം (കുഞ്ചത്തൂർ), തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല എന്നീ അഞ്ച് ചെക്കുപോസ്റ്റുകളിൽ കൂടി മാത്രമേ കാലികടത്തൽ അനുവദിച്ചിട്ടുളളൂ. മൃഗസംരക്ഷണ വകുപ്പിലെ 5 അഡീഷണൽ ഡയറക്ടർമാരുടെ നേരിട്ടുളള നിയന്ത്രണത്തിലാണ് ചെക്ക് പോസ്റ്റുകൾ പ്രവർത്തിക്കുന്നത്. രാവിലെ 6 മണിമുതൽ വൈകിട്ട് 6 മണിവരെ മാത്രമേ കാലികടത്തൽ അനുവദിച്ചിട്ടുളളൂ. കരാർ അടിസ്ഥാനത്തിൽ ചെക്ക് പോസ്റ്റുകളിൽ ആവശ്യമായ വെറ്ററിനറി ഡോക്ടർമാരെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

6. വിവിധ ജില്ലകളെ 4 സോണുകളായി തിരിച്ച് വകുപ്പിലെ 4 അഡീഷണൽ ഡയറക്ടർമാർക്ക് ചാർജ്ജ് നൽകുകയും അടിയന്തിര സോണൽ മീറ്റിംഗുകൾ കൂടി കുളമ്പുരോഗം നിയന്ത്രിക്കുന്നതിന് വേണ്ടി നടപടികൾ സ്വീകരിച്ചുവരുന്നു.

7. എല്ലാ ജില്ലകളിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ക്ഷീരവികസനവകുപ്പ്, ക്ഷീരസഹകരണസംഘം, വനം വകുപ്പ്, പോലീസ്, മോട്ടോർ വാഹനവകുപ്പ്, തദ്ദേശസ്വയംഭരണം, മിൽമ എന്നിവരുടെ യോഗം കൂടി പ്രശ്നങ്ങളെ അവലോകനം ചെയ്തു.

സെക്ഷൻ ഓഫീസർ